# തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ്

## ജി.പി.എസ് സംവിധാനം - ക്വട്ടേഷൻ നോട്ടീസ്

തൃശ്ശൂർ ജില്ലയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ പ്രതിമാസ വാടകയടിസ്ഥാനത്തിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനും അതോടൊപ്പം കുടിവെള്ള വിതരണം മോണിറ്റർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന ഓഫീസുകളിലും തൃശ്ശൂർ എൽ എസ് ജി ഡി ജോയിന്റ് ഡയറക്ടറുടെ ഓഫീസിലും ജില്ലാ കളക്ടറേറ്റിലും സംവിധാനം ഒരുക്കുന്നതിന് തയ്യാറുള്ളതും ഇക്കാര്യത്തിൽ സർക്കാർ അംഗീകാരവും പരിചയവുമുള്ളവരുമായ സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും സീൽ ചെയ്ത കവറുകളിൽ ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനുകൾ 19/03/2025 തീയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് മുൻപ് സിവിൽ സ്റ്റേഷനിലുള്ള എൽ എസ് ജി ഡി ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭിക്കേണ്ടതും അന്നേ ദിവസം ഉച്ചതിരിഞ്ഞ് 3 മണിക്ക് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## ക്വട്ടേഷനുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും

1. ഒരു വാഹനത്തിൽ GPS സംവിധാനം (ഇൻസ്റ്റലേഷൻ ചാർജ്/ പ്രതിമാസ വാടക) എന്നിവ ഒരുക്കി കൊടുക്കുന്നതിനുള്ള നിരക്കായിരിക്കണം ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.

2. ജില്ലാ ഓഫീസിലും കളക്ടറേറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപന ഓഫീസുകളിലും വാഹനങ്ങളുടെ നീക്കവും മറ്റും മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇതോടൊപ്പം തന്നെ ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനം/വ്യക്തി ഏർപ്പെടുത്തേണ്ടതാണ്.

3. ജി.പി.എസ് സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകാര പത്രം ഈ രംഗത്തെ പരിചയം സംബന്ധിച്ച രേഖകൾ എന്നിവ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4. ഈ പദ്ധതി സംബന്ധിച്ച് നിലവിലുള്ളതും വരാവുന്നതുമായ സർക്കാർ നിയമങ്ങളും ഉത്തരവുകളും പാലിക്കുന്നതിന് ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനം/വ്യക്തി ബാധ്യസ്ഥനായിരിക്കുന്നതാണ്.

5. ഇക്കാര്യം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ തൃശ്ശൂർ സിവിൽ സ്റ്റേഷനിലുള്ള എൽ എസ് ജി ഡി ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്ന് ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.

(ഫോൺ നമ്പർ 0487 2360616)

6. ക്വട്ടേഷനുകൾ ഇ-മെയിലായും സ്വീകരിക്കുന്നതാണ്. E-mail - jdlsgdtcr@gmail.com

ANSON JOSEPH K V KAS
ASSISTANT DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ